ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചേർത്തല ജപ്പാൻ കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ട വിപുലീകരണത്തിന്റെ ഭാഗമായി 18 പഞ്ചായത്തുകളിലെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾ 8 പാക്കേജുകളായി തിരിച്ച് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാർക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഇതിൽ 6 പാക്കേജുകളുടെ പെർഫോമൻസ് ഗ്യാരണ്ടി സംബന്ധിച്ച് തർക്കം ഉന്നയിച്ച് കരാറുകാർ കോടതിയെ സമീപിച്ചിരിക്കുകയാണ്. പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിനുവേണ്ടി കരാറുകാരുമായി ചർച്ച ചെയ്ത് പ്രശ്നം പരിഹരിക്കുന്നതിന് ശ്രമിച്ചുവരുന്നു. മുൻപരിചയവും സാങ്കേതികത്തികവുമുള്ള സ്ഥിരം ജീവനക്കാരെയാണ് ഈ പദ്ധതിയുടെ നിർവ്വഹണത്തിനായി നിയോഗിച്ചിരിക്കുന്നത്. അപാകതകൾ ഉണ്ടാകുന്നപക്ഷം നിലവിലുള്ള നിയമപ്രകാരം ഉത്തരവാദിത്തപ്പെട്ടവരുടെ പേരിൽ നടപടി സ്വീകരിക്കുന്നതാണ്.

പുത്തൂർ കുടിവെള്ള പദ്ധതി

187 (3622) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതിയും സാങ്കേതി കാനുമതിയുടെ ലഭിച്ച പയ്യന്നൂർ നിയോജകമണ്ഡലത്തിലെ "പുത്തൂർ കുടിവെള്ള പദ്ധതിയുടെ "നിർമ്മാണ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ & ബി) ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പുത്തൂർ കുടിവെള്ള പദ്ധതിയുടെ ടെണ്ടർ പരിശോധിച്ചുവരുന്നു. ടെണ്ടർ അംഗീകരിച്ചു കിഴിഞ്ഞാലുടൻ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly